**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5389** **21-07-2022 - ൽ മറുപടിയ്ക്ക്**

**ബോട്ട് മാസ്റ്റർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിൽ ബോട്ട് മാസ്റ്റർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ തസ്തികയുടെ കേഡർ സ്ട്രെങ്ത്ത് അനുസരിച്ച് 36 ഒഴിവുകൾ നിലവിലുണ്ട്. ജലഗതാഗത വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടം പ്രകാരം ബോട്ട് മാസ്റ്റർ തസ്തികയിലെ നിയമനത്തിനായുള്ള യോഗ്യത ചുവടെ ചേർക്കുന്നു.<br>Pass in SSLC or Equivalent qualification.<br>Boat Master License. |
| (ബി) | നിലവിൽ ബോട്ട് മാസ്റ്റർ ലൈസൻസ് പുതുതായി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണെന്ന് വിശദമാക്കാമോ; | (ബി) | 2010-ൽ കേരള ഇൻലാന്റ് വെസ്സൽ റൂൾസ് രൂപീകരിക്കുകയും അതിന്റെ നിർവ്വഹണ വകുപ്പായി പോർട്ട് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തതോടുകൂടി ലൈസൻസുകൾ 2010-ലെ കേരള ഇൻലാന്റ് വെസ്സൽ റൂൾസ് പ്രകാരം പോർട്ട് വകുപ്പ് ആണ് നല്കി വരുന്നത്. കൂടാതെ നിലവിൽ Inland Vessel Act (1917) നെ അസാധുവാക്കിക്കൊണ്ട് Inland Vessel Act 2021 പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതിന്റെ ചട്ട രൂപീകരണം പൂർത്തിയായിട്ടില്ല |
| (സി) | പുതുതായി ബോട്ട് മാസ്റ്റർ ലൈസൻസ് അനുവദിക്കുന്നില്ലെങ്കിൽ ആ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ